(ഡി) കൊന്നത്തടി ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതി പ്രകാരം നിർമ്മിച്ച മൃഗാശുപത്രി കെട്ടിടത്തിന്റെയും, പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെയും ഉദ്ഘാടനത്തോടനുബന്ധിച്ച് 5 പത്രങ്ങളിൽ സപ്ലിമെന്റ് പുറപ്പെടുവിച്ചതിന് 53,500/- രൂപയുടെ ചെലവനുവാദം ആവശ്യപ്പെട്ടുകൊണ്ട് 30.8.98 -ൽ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. മേൽ പദ്ധതികളുടെ ഉദ്ഘാടന ചടങ്ങിനോടനുബന്ധിച്ച് സംഘടിപ്പിച്ച യോഗത്തിനായി ചെലവാക്കിയ തുക കൂടാതെയാണ് വളരെ വലിയ തുക സപ്ലിമെന്റ് പുറപ്പെടുവിക്കുന്നതിന് ചെലവഴിച്ചത്. പഞ്ചായത്ത് ഫണ്ട് യാതൊരു തത്വദീക്ഷയുമില്ലാതെ ചെലവഴിക്കാൻ തുനിഞ്ഞതിനാൽ ഉത്തരവാദികളായവരിൽനിന്നും പരസ്യക്കൂലി ഈടാക്കി പത്രങ്ങൾക്ക് നൽകുന്നതിന് സർക്കാരിന്റെ 10.5.99 ലെ 40444/കെ1/98/തഭവ നമ്പർ കത്ത് പ്രകാരം ടി പഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) നിരസിച്ചിട്ടുണ്ട്. കൊന്നത്തടി ഗ്രാമപഞ്ചായത്തിൽ 30.6.98ന് ഉദ്ഘാടനം ചെയ്ത ജനകീയാസൂത്രണ സ്കീമുകൾ പരിശോധിച്ചതിൽ ഹെൽത്ത് സെന്റർ, തെരുവ് വിളക്ക്, മൃഗാശുപത്രി, വ്യക്തിഗതക്ഷേമ പദ്ധതികൾ എന്നിങ്ങനെയുള്ളവ സാധാരണയായി എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നടപ്പാക്കുന്നവയാണെന്ന് മനസ്സിലായി. ഇവയുടെ ഉദ്ഘാടനത്തിനായി ഭീമമായ തുക ചെലവഴിച്ചത് കൂടാതെയാണ് വളരെ വലിയതുക സപ്ലിമെന്റ് പുറപ്പെടുവിക്കുന്നതിനായി ചെലവഴിച്ചത്. പഞ്ചായത്ത് ഫണ്ട് ഈവിധത്തിൽ യാതൊരു തത്വദീക്ഷയുമില്ലാതെ ചെലവഴിക്കുന്നത് തികഞ്ഞ ധൂർത്താണ്. അതിനാലാണ് കൊന്നത്തടി പഞ്ചായത്തിന്റെ അപേക്ഷ നിരസിച്ചത്.

ഗുരുവായൂരിലെ ലോഡ്ജുകളുടെ നടത്തിപ്പിനത്തിൽ ലഭിക്കുന്ന നികുതി തുക

106(2904) <u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂരിലെ ലോഡ്ജുകളുടെ നടത്തിപ്പിനത്തിൽ ഗുരുവായൂർ ഠൗൺഷിപ്പിന്/മുനിസിപ്പാലിറ്റിക്ക് എന്തു തുക പ്രതിവർഷം ടാക്സിനത്തിൽ ലഭിക്കുന്നുണ്ട്;

(ബി) ലോഡ്ജുകളുടെ നടത്തിപ്പിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എന്തൊക്കെ നിബന്ധനകളാണ് പാലിക്കപ്പെടേണ്ടതെന്ന് വെളിപ്പെടുത്തുമോ;

(സി) ഗുരുവായൂരിലെത്തുന്ന ജനങ്ങളെ അമിത വാടക ഈടാക്കി ലോഡ്ജുടമകൾ ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഗുരുവായൂരിൽ എത്ര ലോഡ്ജിംഗുകളുണ്ടെന്നും അവ ഏതൊക്കെയെന്നും പ്രതിദിനം ഈടാക്കാവുന്ന വാടക എത്രയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വസ്തു നികുതിയിനത്തിൽ 1998-99ൽ 9,70,044 രൂപയും തൊഴിൽ നികുതിയിനത്തിൽ 87,348 രൂപയും ലഭിച്ചു.

(ബി) 1934-ലെ മദ്രാസ് പബ്ലിക്ക് ഹെൽത്ത് ആക്ടിൽ പ്രതിപാദിക്കുന്ന നിബന്ധനകൾക്ക് വിധേയമായാണ് ലോഡ്ജിംഗ്/ഹൗസിംഗ് ലൈസൻസ് കൊടുത്തുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ചില ലോഡ്ജുടമകൾ അമിത വാടക ഈടാക്കുന്നതായി ആരോപിച്ച് നഗരസഭയിൽ പരാതി ലഭിച്ചിട്ടുണ്ട്.

(ഡി) ഗുരുവായൂരിൽ 101 ലോഡ്ജുകൾ ഉണ്ട്. അവയുടെ പേരു വിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു.† ഒരു മുറിയ്ക്ക് പ്രതിദിനം 125 രൂപ മുതൽ 650 രൂപ വരെ ഈടാക്കുന്നതായി അറിയുന്നു.

കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവ്

107 (2905) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കോടി രൂപ പദ്ധതി ചെലവിനായി അനുവദിച്ചിരുന്നു;

(ബി) ഇതിൽ എത്ര കോടി രൂപ ചെലവാക്കിയിട്ടുണ്ട് എന്ന് അറിയിക്കുമോ?

ഉത്തരം

(എ)	കൊയിലാണ്ടി മുനിസിപ്പാലിറ്റിക്ക്	-	1.6218 കോടി രൂപ
	പഞ്ചായത്തുകൾക്ക്	-	3.24 കോടി രൂപ
(ബി)	കൊയിലാണ്ടി മുനിസിപ്പാലിറ്റി	-	1.2626 കോടി രൂപ
	പഞ്ചായത്തുകൾ	-	1.75 കോടി രൂപ

പിറവം ഗ്രാമ പഞ്ചായത്തിൽ പുഴയിലെ മണൽ വാരുന്നതിനുള്ള നിബന്ധനകൾ

108(2906) ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം ഗ്രാമപഞ്ചായത്ത് 1.4.1989 മുതൽ 31.3.2000 വരെയുള്ള കാലയളവിൽ പുഴയിലെ മണൽ വാരുന്നതിന് എന്തെല്ലാം നിബന്ധനകളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇത് സംബന്ധിച്ചുള്ള ലേലം എന്നാണ് നടന്നത്; ആരെല്ലാമാണ് മണൽ വാരുന്നതിനുള്ള ലേലം കൊണ്ടിട്ടുള്ളത്; എന്തു തുകയ്ക്കാണ് ലേലം ഉറപ്പിച്ചത്;

(ഡി) ഇപ്പോൾ മണൽവാരൽ നടക്കുന്നുണ്ടോ; എങ്കിൽ ആരാണ് വാരുന്നത്;

(ഇ) മണൽ വാരുന്നത് സംബന്ധിച്ച് എന്തെങ്കിലും തർക്കം നിലവിലുണ്ടോ; എങ്കിൽ എന്താണ്;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly